# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6111** **07.11.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും മറ്റ് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും, മട്ടുപ്പാവിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡു നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടേയും വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മജലസേചനം, തരിശുനില കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് റ്റു ഈറ്റ് പ്രോജക്റ്റ്, കൃഷിയ്ക്ക് ഇൻഷുറൻസ് പരിരക്ഷ സബ്സിഡിയോടു കൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നല്കുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ബി) സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കിമാറ്റുന്നതിന് പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. പച്ചക്കറി കൃഷിയ്ക്ക് ഒരു ഹെക്ടറിൽ ഭൂഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000/- രൂപ |

ധനസഹായമായി നൽകുന്നു. തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റുന്നതിനും, ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശു രഹിത പഞ്ചായത്തുകളാക്കി മാറ്റുന്നതിനുമുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

S. K.

**സെക്ഷൻ ഓഫീസർ**